(ഡി) ഇതിനാവശ്യമായ പദ്ധതിവിഹിതം ലഭ്യമാക്കുന്നതിനായി സർക്കാർ കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) റെയിൽപ്പാതയുടെ പണി എന്നു തുടങ്ങാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ശബരിമലയിൽ ആകസ്മികമായുണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്നവർക്ക് വൈദ്യ ശുശ്രൂഷ നൽകുന്നതിന് ആവശ്യമായ നടപടികൾ ദേവസ്വം ബോർഡോ സർക്കാരോ കൈക്കൊണ്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ശബരിമലയുടെ നിർദ്ദിഷ്ട വികസനത്തിന്റെ കരടുരേഖയിൽ ഇതിന് മുൻതൂക്കം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി)-(ഇ) ശബരിമല റെയിൽപ്പാത കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. അങ്കമാലി-ശബരിമല, കോട്ടയം എരുമേലി എന്നീ പാതകൾക്കായി ആകെ 700 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 510 ലക്ഷം രൂപ വകകൊള്ളിക്കുകയും ഇതിന്റെ പണി ഈ വർഷം തന്നെ തുടങ്ങുന്നതും ആണ് എന്നും അറിയിച്ചിട്ടുണ്ട്.

(എഫ്)&(ജി) അപകടങ്ങളിൽപ്പെടുന്നവർക്കും മറ്റു അസുഖങ്ങൾ ഉണ്ടാകുന്നവർക്കും അടിയന്തിര വൈദ്യശുശ്രൂഷ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

137 (1586) ശബരിമല വികസനത്തിനായി മാസ്റ്റർപ്ലാൻ

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ശബരിമല വികസനത്തിനായി ഏതെങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാക്കി സർക്കാരിനോ ദേവസ്വം ബോർഡിനോ സമർപ്പിച്ചിട്ടുണ്ടോ;

(ബി) നടപ്പുവർഷം 18 കോടിയുടെ വികസനപ്രവർത്തനം ശബരിമലയിൽ നടത്താനുള്ള ദേവസ്വംബോർഡിന്റെ തീരുമാനം പ്രസ്തുത കമ്മിറ്റിയുടെ മാസ്റ്റർപ്ലാനിന് അനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെയോ നിയമസഭാ സമിതിയുടേയോ അഭിപ്രായങ്ങളും ബോർഡിന്റെ തീരുമാനങ്ങളും സമന്വയിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി) പരിസ്ഥിതി സമിതിയുടെ മാസ്റ്റർപ്ലാനിലെ ഭൂരിപക്ഷം ശുപാർശകളും അപ്രായോഗികമായതിനാൽ സ്വീകാര്യമല്ലെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly